**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208** **12-10-2021 - ൽ മറുപടിയ്ക്ക്**

**പെട്രോ കെമിക്കൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി എഫ്.എ.സി.റ്റി. യിൽ നിന്നും സംസ്ഥാനം വില നൽകി വാങ്ങിയ ഭൂമിയിൽ പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; നിർദ്ദിഷ്ട പാർക്കിൽ ബി.പി.സി.എൽ.-ന് ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോ; | (എ) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി യിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത 481.79 ഏക്കർ ഭൂമിയിൽ ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. ബി.പി.സി.എല്ലിന്റെ ഉടമസ്ഥതയിലുള്ള കൊച്ചിൻ റിഫൈനറിയുടെ വിപുലീകരണവും അതുവഴി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പെട്രോ കെമിക്കൽ വ്യവസായങ്ങളുടെ ഒരു ക്ലസ്റ്റർ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നത്. പ്രസ്തുത പാർക്കിന്റെ രൂപരേഖ കിൻഫ്ര തയ്യാറാക്കിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് കേന്ദ്ര പാരിസ്ഥി-തിക മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം 33% ഭൂമി ഹരിത ബെൽറ്റ് സ്ഥാപിക്കുന്നതിനായി നിലനിർത്തുന്നതും പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ഇത് സഹായകരമാകുന്നതുമാണ്. നിലവിൽ 170 ഏക്കർ ഭൂമി ബി.പി.സി.എല്ലിന്റെ വികസനത്തിനായി പാട്ട വ്യവസ്ഥയിൽ അനുവദിച്ചുകഴിഞ്ഞു. ബി.പി.സി.എൽ ആണ് പെട്രോകെമിക്കൽ പാർക്കിലെ ആങ്കർ ഇൻവെസ്റ്റർ. 229 ഏക്കർ ഭൂമിയാണ് വ്യവസായ സംരംഭങ്ങൾക്കായി അലോട്ട് ചെയ്യുന്നതിന് പെട്രോകെമിക്കൽ പാർക്കിൽ ലഭിക്കുന്നത്. ഇതിൽ 61.2 ഏക്കർ ഭൂമി 28 സംരംഭകർക്കായി ഇതിനോടകം അലോട്ട് ചെയ്തു |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 300 കോടി രൂപയുടെ പദ്ധതിയാണ് കിൻഫ്ര ആവിഷ്കരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള ടെന്റർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികളും അവസാന ഘട്ടത്തിലാണ്. |
| (ബി) | ഇത്തരം വ്യവസായങ്ങളുടെ ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾക്കായി ആശ്രയിക്കുന്നത് ബി.പി.സി.എൽ. നെ ആയതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ സ്വകാര്യവൽക്കരണം വ്യവസായ ക്ലസ്റ്ററിനെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പെട്രോകെമിക്കൽ പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്ന സംരംഭകർ അവർക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾക്കായി ആശ്രയിക്കുന്നത് ബി.പി.സി.എല്ലിനെയാണ്. ഇത്തരത്തിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിന് കിൻഫ്രയും ബി.പി.സി.എല്ലും തമ്മിൽ 24.09.2021-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതുവഴി പെട്രോകെമിക്കൽ പാർക്കിലെ സംരംഭകർക്ക് അസംസ്കൃത വസ്തുക്കളുടെ ലഭ്യത തടസമില്ലാതെ ഉറപ്പാക്കാനാകും. |
| (സി) | മഹാരത്ന കമ്പനിയായ ബി.പി.സി.എൽ. -നെ സ്വകാര്യവൽക്കരിക്കുന്നതിൽ നിന്ന് പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | (സി) | രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്ന് ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു. പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു.കൊച്ചി റിഫൈനറിയുടെ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താൽപ്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താൽപ്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ടും നിർദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്ര സർക്കാർ അടിയന്തമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ട് കൊണ്ട് 2019 നവംബർ 19 ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കിയിട്ടുള്ളതും ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള തുമാണ്. |

സെക്ഷൻ ഓഫീസർ